## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 376** 06.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ സാമ്പത്തികപുന:സംഘടന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ്ചാണ്ടി :<br>,, എ. കെ. ശശീന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടനയ്ക്കുള്ള പദ്ധതി നടപ്പിലാക്കാൻ താൽപര്യമുണ്ടെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ടോ; | (എ) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടു ത്തുകൊണ്ട് വിതരണ കമ്പനികൾ ക്കായി ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി.<br>സംസ്ഥാന വിതരണ കമ്പനി കൾക്ക് ഈ സ്കീമിൽ ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടാ യിരുന്നുള്ളൂ. സ്കീമിൽ ചേരുന്നതു സംബ ന്ധിച്ച 'തത്വത്തിലുള്ള' സന്നദ്ധത ഒരാഴ്ച്ച യ്ക്കകം അറിയിക്കണമെന്ന് 2012 നവംബർ 14-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.<br>ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യ ത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ള തുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തി ലുള്ള' സമ്മതം 17-12-2012-ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുമ്പോൾ എല്ലാ വർഷവും വൈദ്യുതി നിരക്ക് പുതുക്കുക, വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയ്ക്ക് സാദ്ധ്യത ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സാമ്പത്തിക പുനരുദ്ധാരണ സ്കീം സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, വർഷം തോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളിന്മേൽ വിശദമായ പരിശോധനയ്ക്കു ശേഷം മാത്രമേ സർക്കാർ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. സ്വകാര്യ പങ്കാളിത്തത്തിന്റെ പ്രസക്തി AT & C നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനാണ്. കേരളത്തിൽ പൊതുമേഖലയിൽ തന്നെ പ്രസരണ - വിതരണ നഷ്ടം ഗണ്യമായി കുറച്ചുകൊണ്ടുവന്ന സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തിനുള്ള നിബന്ധന ഒഴിവാക്കാനാകുമെന്നാണ് കരുതുന്നത്. ആയതിനാൽ സ്വകാര്യ പങ്കാളിത്തത്തെ സംബന്ധിച്ച് വൈദ്യുതി ബോർഡിലെ യൂണിയനുകളുമായി ചർച്ച നടത്തിയിട്ടില്ല. |
| (സി) | സ്വകാര്യവൽക്കരണമെന്ന ആശങ്ക ദുരീകരിക്കുന്നതിനായി, വൈദ്യുതി ബോർഡിലെ യൂണിയനുകളുമായി ചർച്ച നടത്തിയതിനുശേഷമാണോ ബോർഡിന്റെ സാമ്പത്തിക പുന:സംഘടനയ്ക്കുള്ള പദ്ധതി നടപ്പിലാക്കാനുള്ള താത്പര്യം കേന്ദ്ര ഊർജ്ജമന്ത്രാലയത്തെ അറിയിച്ചതെന്ന് വെളിപ്പെടുത്താമോ? | | |

**സെക്ഷൻ ഓഫീസർ.**